മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ബിൽ ചർച്ച ചെയ്ത് പാസാക്കിയതിനുശേഷം ഇതിനെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്നതിന് സമയം തരാം. ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ.

10 A.M.

.....(ബഹളം).....

VI സബ്മിഷൻ

(1) മിതൃമല ഗേൾസ് ഹൈസ്കൂളിൽ ഹയർ സെക്കൻററി കോഴ്സ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, മിതൃമ്മല ഗേൾസ് ഹൈസ്ക്കൂളിൽ ഹയർ സെക്കൻററി കോഴ്സ് ഏർപ്പെടുത്തണമെന്നുള്ള ആവശ്യമാണ് സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ പ്രദേശത്തുനിന്നും കോളേജിൽ പഠിക്കാൻ ഒരു കുട്ടിക്ക് 20 കിലോമീററർ പോകണം. നെടുമങ്ങാട്, പെരിങ്ങമ്മല, നിലമേൽ, ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽ പോയാലേ കോളേജ് വിദ്യാഭ്യാസം നടത്താൻ സാധിക്കുകയുള്ളൂ. ഇവിടെ ഹയർ സെക്കൻററി കോഴ്സ് നടത്തുന്നതിനാവശ്യമായ മറെറ് സൗകര്യങ്ങളെല്ലാം ഉണ്ട്. അതുകൊണ്ട് ഹയർ സെക്കൻററി കോഴ്സ് മിതൃമ്മല ഗേൾസ് ഹൈസ്ക്കൂളിൽ അനുവദിച്ച് തരണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.ചന്ദ്രശേഖരൻനായർ): സർ, പൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സും സാധാരണഗതിയിലുള്ള ഹയർ സെക്കൻററി കോഴ്സുമാണ് ഇപ്പോൾ സ്ക്കൂളുകളിൽ കൊടുത്തു വരുന്നത്. പൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സ് 1991-92-ൽ 25 സ്ക്കൂളുകളിൽ കൊടുക്കാനായിട്ട് നേരത്തെ തീരുമാനിച്ചത്, ഇവിടെ പറഞ്ഞിട്ടുണ്ട്. അതിൽ 15 എണ്ണം ഗവൺമെൻറ് സ്ക്കൂളുകൾക്കും 10 എണ്ണം പ്രൈവറ്റ് സ്ക്കൂളുകൾക്കുമാണ്. അതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ ആരൊക്കെ കൊടുത്തിട്ടുണ്ട് എന്നുള്ള കാര്യം എനിക്ക് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. പ്ലസ് ടു, ഹയർ സെക്കൻററിയെ സംബന്ധിച്ചിടത്തോളം 31 നിയോജകമണ്ഡലങ്ങളിൽ കഴിഞ്ഞ കൊല്ലം കൊടുത്തു. ബാക്കി 109 നിയോജകമണ്ഡലങ്ങളിൽ ഓരോന്നു വീതം ഇനി കൊടുക്കാനുണ്ട്. അത് കഴിഞ്ഞതിനുശേഷം കൂടുതൽ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ക്കൂൾ ഹയർ സെക്കൻററി കോഴ്സ് അനുവദിച്ചുകിട്ടാൻ വേണ്ടിയുള്ള അപേക്ഷ കൊടുക്കുന്നുണ്ടെങ്കിൽ അത് പരിശോധിക്കാമെന്ന് മാത്രമേ ഞാൻ ഈ സമയത്ത് പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly